# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ - തീയതി ഒക്ടോബർ 1 ലേക്ക് നീട്ടുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.08.2020 ലെ ഇതേ നമ്പർ ഉത്തരവ്

നം.ബി/ 30139/2019/സം.തി.ക                                    തീയതി : 25.09.2020

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ 26 ന് പ്രസിദ്ധീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് സൂചന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കോവിഡ് 19 പോസിറ്റീവ് ആയതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നില്ലായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളിലും ആക്ഷേപങ്ങളിലുംമേലുള്ള തുടർനടപടികൾ പൂർത്തിയാക്കി **അന്തിമ വോട്ടർപട്ടിക ഒക്ടോബർ 1** ന് പ്രസിദ്ധീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി

പകർപ്പ്:
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ